(1)	(2)	(3)	(4)
പാലക്കാട്	12	പാലക്കാട്	പാലക്കാട്
മണ്ണാർക്കാട്	18	പാലക്കാട്	മണ്ണാർക്കാട്
നെൻമാറ	22	പാലക്കാട്	നെൻമാറ
കോഴിക്കോട്	12	കോഴിക്കോട്	കോഴിക്കോട്
കണ്ണൂർ	34	കണ്ണൂർ	കണ്ണൂർ
സൗത്ത് വയനാട്	16	വയനാട്	സൗത്ത് വയനാട്
നോർത്ത് വയനാട്	17	വയനാട്	നോർത്ത് വയനാട്
ആകെ	368		

(ബി) 2002 മുതൽ 2005 ഡിസംബർ വരെ വനസംരക്ഷണത്തിനും വികസനത്തിനും ബോധവൽക്കരണത്തിനും ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി 482.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) വനവികസന ഏജസികളുടെയും വനസംരക്ഷണ സമിതികളുടെയും പ്രവർത്തനങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർമാരുടെ മേൽനോട്ടത്തിൽ അതാത് ഡി. എഫ്. ഒ. മാരാണ് നിയന്ത്രിക്കുന്നത്. വനവികസനത്തിന് ഏജൻസികളുടെ കണക്ക് സൂക്ഷിക്കുന്നത് അതാത് ഡി. എഫ്. ഒ. മാരും (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) വനസംരക്ഷണ സമിതികളുടെ കണക്ക് സൂക്ഷിക്കുന്നത് ഫോറസ്റ്റർമാരും ഫോറസ്റ്റ് ഗാർഡുമാരുമാണ്.

(ഡി) ഇല്ല.

(ഇ) പണത്തിന്റെ മൂല്യത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

വനസമ്പത്ത് കൊള്ള തടയാൻ നടപടി

3 [637] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള :
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസമ്പത്ത് കൊള്ള ചെയ്തുകൊണ്ട് പോകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വനപാലകർക്ക് വേണ്ടത്ര ആധുനിക ആയുധങ്ങൾ നൽകി വനംകൊള്ളക്കാരെ തടയുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ച് ഉടനടി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ–സി) വനസമ്പത്ത് സംരക്ഷിക്കുന്നതിന് സംരക്ഷണ ജീവനക്കാർ നിരന്തരം റോന്ത് ചുറ്റി കുറ്റകൃത്യങ്ങൾ തടയുകയും കുറ്റകൃത്യങ്ങൾ നടന്നതിനെതിരെ നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വനം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നു. വനംകൊള്ള ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് അധികൃതരെ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ ടെലഫോൺ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം നടപ്പിലാക്കി വരുന്നു. സംരക്ഷണ സേനയ്ക്ക് ആവശ്യമായ ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തവും ഉറപ്പ് വരുത്തുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും വരുന്നുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നുമുണ്ട്.

അട്ടപ്പാടി വനത്തിലെ കൃഷി നശിപ്പിക്കാൻ നടപടി

4 [640] ശ്രീ. എ. കെ. മണി:
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനത്തിന്റെ ഉൾക്കാടുകളിൽ കഞ്ചാവ് കൃഷി നടക്കുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയുടെ ഉൾക്കാടുകളിൽ പരിശോധന നടത്തി കഞ്ചാവ് കൃഷി നശിപ്പിക്കാറുണ്ടോ;

(സി) കഞ്ചാവ് കൃഷി റെയ്ഡ് ചെയ്യുന്നതിന് സാമൂഹ്യ പ്രവർത്തകരെക്കൂടി പങ്കെടുപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കഞ്ചാവ് കൃഷി റെയ്ഡ് ചെയ്യുന്നതിന് സാമൂഹ്യ പ്രവർത്തകരെക്കൂടി പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ഇവരുടെ സഹായം ഉപയോഗപ്പെടുത്തി വരുന്നു.

നബാർഡിന്റെ സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ

5 [644] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly